**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2755** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ എം.എസ്.എം.ഇ. സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ, ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം, പ്രൊജക്റ്റ് തയാറാക്കേണ്ട രീതി,ഏതെല്ലാം പ്രോജക്റ്റുകൾക്കാണ് അനുമതി ലഭിക്കുക തുടങ്ങി പൂർണ്ണമായ വിശദാംശം നൽകുമോ; | (എ) | സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളായ, 2008-ലെ തണ്ണീർതട നെൽവയൽ സംരംക്ഷണ നിയമത്തിന്റെ കീഴിൽ വരാത്തതോ, CEZ കോസ്റ്റൽ ഏരിയ എന്നീ മേഖലകളിൽ വരാത്തതോ ആയ അതത് പഞ്ചായത്ത്/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മാസ്റ്റർ പ്ലാനിൽ യോഗ്യമായ സ്ഥലങ്ങളിൽ മാത്രമെ വ്യവസായങ്ങൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്താൻ സാധിക്കുകയുള്ളു. സ്ഥലം കണ്ടെത്തിയ ശേഷം കെട്ടിടം വെക്കുന്നതിന് നിലവിലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ്, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് എന്നിവ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയും അവ പ്രകാരമുള്ള റോഡിന്റെ വീതി, ബിൽഡിംഗിന്റെ ഉയരം, തൊട്ട് അടുത്ത വീട്ടിലേക്കുള്ള ദൂരം, തൊട്ട് അടുത്ത ആളുടെ സ്ഥലത്തേക്കുള്ള ദൂരം എന്നിവ പാലിക്കുകയും, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ ആന്റ് റെസ്ക്യൂ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ മറ്റ് വകുപ്പുകളുടെ മാനദണ്ഡങ്ങൾ പാലിക്കുകയും വേണം. ആയതിന് ശേഷം ഒരു സ്ഥാപനം പ്രവർത്തനം നടത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എഫ്.എസ്.എസ്.ഐ, ലീഗൽ മെട്രോളജി, ഫയർ ആന്റ് റെസ്ക്യൂ ഫോറസ്റ്റ് എന്നീ വിവിധ വകുപ്പുകളുടെ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമേ ഒരു സംരംഭം തുടങ്ങാൻ പാടുള്ളൂ.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ, കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്റ്റ് പ്രാകാരമുള്ള കെ.സ്വിഫ്റ്റ് അക്നോളജ്മെന്റോ യൂണിറ്റിന് ആവശ്യമാണ്. |

സംരംഭത്തിന്റെ വ്യാപ്തിയും തരവും അനുസരിച്ച് മറ്റ് വകുപ്പുകളുടെ ലൈസൻസുകളോട് കൂടി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ കൂടി പാലിക്കേണ്ടതാണ്.

ബാങ്ക് വായ്പ ലഭിക്കുന്നതിന് നേരിട്ട് ബാങ്കിൽ അപേക്ഷ സമർപ്പിക്കുന്നതിലുപരി കെൽസ് (KELS) എന്ന ഓൺലൈൻ പോർട്ടൽ വഴി അപേക്ഷ അതത് ബാങ്കുകളിലേക്ക് വ്യവസായ വകുപ്പ് ശുപാർശ ചെയ്ത് നൽകി വരുന്നുണ്ട്. കൂടാതെ മറ്റ് വായ്പ്പാധിഷ്ഠിത പദ്ധതികൾ പ്രകാരം വ്യവസായ വകുപ്പിന് അപേക്ഷ നൽകുന്ന മുറക്ക് അത്തരം അപേക്ഷകൾ ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതികൾ വിഭാവനം ചെയ്യുകയും പി.എം.ഇ.ജി.പി, പി.എം.എഫ്.എം,ഇ, മാർജിൻ മണി ഗ്രാന്റ് പദ്ധതി, സംരംഭക സഹായ പദ്ധതി തുടങ്ങിയ പദ്ധതികൾ വഴി സംരംഭകന് സബ്സിഡിയോട് കൂടിയുള്ള വായ്പ ലഭിക്കുന്ന സാഹചര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പലിശ സബ്സിഡി നൽകുന്ന പദ്ധതികളും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന സർക്കാർ അനുവദിക്കുന്ന സബ്സിഡി തുകകൾ മുൻകൂറായി ബാങ്കിലേക്ക് എത്തുന്നതു വഴി വായ്പയുടെ തിരിച്ചടവിൽ ബാങ്കിന് വിശ്വാസം ആർജ്ജിക്കുകയും ആയത് വായ്പ എളുപ്പം അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു. സബ്സിഡിയോടുകൂടിയുള്ള ബാങ്ക് വായ്പക്ക് വകുപ്പ് വഴി നൽകുന്ന പ്രക്രിയകൾ പൂർണ്ണമായും ഓൺലൈനാക്കുകയും അതുവഴി സമയനഷ്ടം കൂടാതെ അപേക്ഷകൾ ബാങ്കിലേക്ക് എത്തുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പി.എം.ഇ.ജി.പി പോലുള്ള പദ്ധതികൾക്ക് ഓൺലൈൻ പരിശീലനത്തിനുള്ള സംവിധാനം ഒരുക്കുന്നതുവഴി സംരംഭകന് പരിശീലനം സ്വായത്തമാക്കി അനായാസം വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യവും നിലവിലുണ്ട്.

പ്രൊജക്റ്റ് റിപ്പോർട്ടിൽ പ്രധാനമായും തുടങ്ങാൻ പോകുന്ന വ്യവസായത്തെ കുറിച്ചുള്ള വിവരങ്ങൾ തുടങ്ങാൻ പോകുന്ന ആളിനെ കുറിച്ചുള്ള വിവരങ്ങൾ, തുടങ്ങാൻ പോകുന്ന സ്ഥലത്തെ കുറിച്ചുള്ള വിവരങ്ങൾ, യൂണിറ്റ് തുടങ്ങുന്നതിന് എത്ര വൈദ്യുതി ആവശ്യമുണ്ട് എത്ര തൊഴിലാളികൾ ആവശ്യമുണ്ട് എന്നുള്ള വിവരങ്ങൾ, തുടങ്ങാൻ പോകുന്ന യൂണിറ്റിന് ആവശ്യമായ മെഷനറികൾക്ക് എത്ര തുക സ്ഥിരം മൂലധനം ആവശ്യമായി വരും, പ്രവർത്തന മൂലധനം എത്ര ആവശ്യമായി വരും ഇങ്ങനെയുള്ള മൊത്തം

| | | | |
|---|---|---|---|
| | | | പദ്ധതി തുകയിൽ എത്ര തുക സ്വന്തമായി നമുക്ക് എടുക്കാൻ കഴിയും, എത്ര തുക ബാങ്ക് ലോണായി എടുക്കേണ്ടി വരും, എന്നീ വിവരങ്ങൾ ആവശ്യമാണ്. ആയതിന് ശേഷം ഒരു മാസത്തേക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെയും മറ്റ് ചെലവുകളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു മാസത്തേക്കുള്ള മൊത്തം ചെലവുകൾ എത്രയായെന്നും, ഒരു മാസം മൊത്തം എത്ര കച്ചവടം ഉണ്ടാകുമെന്നും, ഒരു മാസം മൊത്തം എത്ര ലാഭം ഉണ്ടെന്നും, ഈ ലാഭം എത്രയാണെന്ന് കണക്കാക്കി, ഈ ലാഭത്തിന്റെ അടിസ്ഥാനത്തിൽ 5 വർഷത്തേക്കുള്ള നഷ്ട ലാഭ കണക്കുകളുമാണ് പ്രധാനമായിട്ടും പ്രൊജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടത്.<br><br>ഉൽപ്പാദന സേവന കച്ചവട മേഖലകളിലുള്ള സംരംഭങ്ങൾക്ക് വിവിധ സഹായങ്ങൾ ലഭിക്കുന്നതാണ്. ബാങ്ക് വായ്പ ലഭിക്കുന്നതിന് സംരംഭത്തെ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബാങ്കുകളെ സമീപിക്കാവുന്നതാണ്. സംരംഭം ആരംഭിക്കുന്നതിനു ആവശ്യമായ സ്ഥിര മൂലധന നിക്ഷേപം, പ്രവർത്തന മൂലധനം, മാനേജ്മെന്റ്, ആരംഭിക്കുന്ന സ്ഥലം, സാമ്പത്തിക സ്രോതസ്, യൂണിറ്റിന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആണ് പ്രൊജക്ട് റിപ്പോർട്ടിൽ ചേർക്കുന്നത്. പ്രോജക്ട് റിപ്പോർട്ടിന്റെ technical feasibility, economical viability എന്നിവ പരിശോധിച്ചാണ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം ബാങ്കുകൾ നൽകുന്നത്. ആയതിന് സംരംഭകന് ആവശ്യമായ കൈത്താങ്ങ് സഹായം (Hand holding service) വ്യവസായ വകുപ്പ് നല്കുന്നു. കൂടാതെ സംരംഭങ്ങൾക്ക് വിവിധ സംരംഭ സഹായ പദ്ധതികളിലൂടെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ? | (ബി) | എം.എസ്.എം.ഇ. മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ 2022-23 വർഷം സംരംഭകവർഷം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി), സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്), പി.എം.എഫ്.എം.ഇ, മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് പദ്ധതി തുടങ്ങിയ പദ്ധതികളും ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ